12242
11/8/16

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം സമർപ്പിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കുന്നതിന് നിലവിൽ ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(എം.എസ്) നം.41/16/സാനീവ — തീയതി, തിരുവനന്തപുരം, 05/08/2016

---

പരാമർശം:- 1. 26.12.2012 ലെ സ.ഉ(എം.എസ്) നം.76/2012/സാനീവ ഉത്തരവ്.
2. മലപ്പുറം ജില്ലാ കളക്ടറുടെ 23.09.2014 ലെ എൽ-352708/13 നമ്പർ കത്ത്.
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 9.01.2015 ലെ എഫ്.ബി(എ 4)-54560/2014 നമ്പർ കത്ത്.
4. സാമൂഹ്യനീതി ഡയറക്ടറുടെ 29.06.2016 ലെ എഫ് 3-19807/16 നമ്പർ കത്ത്.

**ഉത്തരവ്**

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായത്തിന് വിവാഹ തീയതിക്ക് ഒരു മാസം മുമ്പെങ്കിലും അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ വിവാഹം കഴിഞ്ഞ തീയതി മുതൽ ഒരു വർഷത്തിനകം സമർപ്പിക്കുന്ന അപേക്ഷയ്ക്ക് ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകി പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അമിതമായ ജോലിഭാരം കണക്കിലെടുത്ത് ഇതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നൽകി മേൽ ഉത്തരവ് ഭേദഗതി വരുത്തണമെന്ന് പരാമർശം (2) ലെ കത്തു പ്രകാരം മലപ്പുറം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു. കാലതാമസം മാപ്പാക്കുന്നതിനുള്ള അധികാരം അതാത് ജില്ലകളിലെ സാമൂഹ്യനീതി ഓഫീസർമാർക്ക് നൽകുന്നതാണ് ഉചിതം എന്ന് ലാന്റ് റവന്യൂ കമ്മീഷണറും സാമൂഹ്യനീതി ഡയറക്ടറും അറിയിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവാഹം കഴിഞ്ഞ തീയതി മുതൽ ഒരു വർഷത്തിനകം സമർപ്പിക്കുന്ന സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായത്തിനുള്ള അപേക്ഷകളിൻമേൽ കാലതാമസം മാപ്പാക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക് നൽകിക്കൊണ്ട് പരാമർശം (1) ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ. എം. ലീലാമണി**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ ഡയറക്ടർ, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പ്
ധനകാര്യ വകുപ്പ്
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
✓ ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Manoharan
സെക്ഷൻ ഓഫീസർ